## പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ -6991 02.11.2011 ൽ മറുപടിക്ക്

**പ്ലാസ്റ്റിക് ഉപയോഗിച്ച് റോഡ് ടാർ ചെയ്യുന്ന പദ്ധതി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം. ഹംസ | ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് (മരാമത്തുവകുപ്പു മന്ത്രി) |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം റോഡുകളുടെ അറ്റകുറ്റപ്പണിക്കും നവീകരണത്തിനുമായി എത്രതുക ചെലവഴിച്ചു; ജില്ലാടിസ്ഥാനത്തിൽ ലഭ്യമാക്കാമോ; | (എ) 2011-12 വർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ വക കൊള്ളിച്ചിട്ടുള്ള (നോൺ പ്ലാൻ) 470 കോടി രൂപയും ശബരിമല റോഡുകളുടെ അടിയന്തിര അറ്റകുറ്റപണികൾക്കായി 63.60 കോടി രൂപയും റോഡുകളുടെ അടിയന്തിര അറ്റകുറ്റപണികൾക്കായി അധിക തുകയായി 314.80 കോടി രൂപയും കൂടാതെ സംസ്ഥാനത്തെ 5 കോർപ്പറേഷൻ (തിരുവനന്തപുരം, കൊല്ലം, എറണാകുളം, തൃശ്ശൂർ, കോഴിക്കോട്) റോഡുകൾക്കായി 157.96 കോടി രൂപയും അനുവദിക്കുകയും അതനുസരിച്ചുള്ള പ്രവൃത്തികൾ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരികയുമാണ്. ചിലവഴിച്ച തുക സംബന്ധിച്ച പട്ടിക ഇതോടൊപ്പം ചേർത്തിട്ടുണ്ട്. |

(ബി) കാലവർഷക്കെടുതികളെ അതിജീവിക്കുവാൻ പ്ലാസ്റ്റിക് ഉപയോഗിച്ച് റോഡ് ടാർ ചെയ്യുന്ന പദ്ധതി നടപ്പിലാക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

(ബി) പ്ലാസ്റ്റിക് ഉപയോഗിച്ച് റോഡ് ടാർ ചെയ്യുന്ന പദ്ധതി നടപ്പാക്കുന്നതിന് ഐ.ആർ.സി, മോർത്ത് മുതലായവയുടെ അംഗീകാരം ലഭിക്കേണ്ടതും ടാറിംഗിന് ഉപയോഗിക്കുന്നതിനാവശ്യമായ രൂപത്തിൽ പ്ലാസ്റ്റിക് രൂപപ്പെടുത്തി എടുക്കേണ്ടതും അത്യാവശ്യമാണ്. മാത്രമല്ല, പരീക്ഷണാടിസ്ഥാനത്തിൽ പ്ലാസ്റ്റിക് കൂടി ഉപയോഗിച്ച് ടാറിംഗ് നടത്തിയിരുന്ന റോഡുകളുടെ ഗുണനിലവാര പരിശോധന പൂർത്തിയാക്കേണ്ടതുമുണ്ട്.

ഇതു സംബന്ധിച്ച് 'ക്രഡായ്' സമർപ്പിച്ച നിർദ്ദേശവും അവർ സൗജന്യമായി നൽകാമെന്നേറ്റ പ്ലാസ്റ്റിക് വെയ്സ്റ്റും പരീക്ഷണാടിസ്ഥാനത്തിൽ പ്രയോജനപ്പെടുത്തുവാൻ റോഡ്സ് വിഭാഗം ചീഫ് എഞ്ചിനീയറോട് ആവശ്യപ്പെട്ടിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്.